ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.05.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അഞ്ചാം ഘട്ട വോട്ടെടുപ്പ് നാളെ; വിധി എഴുതുക 49 മണ്ഡലങ്ങൾ.

   **Polling for the fifth phase of the Lok Sabha elections tomorrow; Write verdict 49 constituencies.**

2. പൊതു തിരഞ്ഞെടുപ്പിന്റെ 6, 7 ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു.

   **Campaigning for the 6th and 7th phase of general elections is progressing vigorously.**

3. കേരളത്തിൽ ശക്തമായ മഴ തുടരുന്നു; ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ചുവപ്പു ജാഗ്രതാ നിർദ്ദേശം; മലയോര മേഖലയിൽ ജാഗ്രത.

   **Heavy rains continue in Kerala; Red alert in Pathanamthitta, Kottayam and Idukki districts today.**

4. പഴങ്ങൾ കൃത്രിമമായി പാകപ്പെടുത്തുന്നതിന് കാത്സ്യം കാർബൈഡ് ഉപയോഗിക്കുന്നതിൽ കർശന നിരോധനം.

   **FSSAI Alerts Fruit Traders to Ensure Compliance with Prohibition of Calcium Carbide in Fruit Ripening**

5. ഐ.പി.എൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിനെ പരാജയപ്പെടുത്തി, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു പ്ലേഓഫിൽ.

   **Royal Challengers Bengaluru defeated Chennai Super Kings on Sunday, to qualify for the IPL 2024 playoffs.**

&&&&&&&&&&&&&&&&

**HEAD LINE – 1**

**Vth Phase**

ലോക്സഭാ തെരഞ്ഞെടുപ്പിൻ്റെ അഞ്ചാം ഘട്ട വോട്ടെടുപ്പ് നാളെ. പരസ്യ പ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ചു. ഇന്ന് നിശബ്ദ പ്രചാരണമാണ്. ആറ് സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 49 മണ്ഡലങ്ങളാണ് 5-ാം ഘട്ടത്തിൽ ജനവിധി എഴുതുക. ബീഹാറിലെ 5, ഝാർഖണ്ഡിലെ 3, മഹാരാഷ്ട്രയിലെ 13, ഒഡീഷയിലെ 5, ഉത്തർപ്രദേശിലെ 14, പശ്ചിമബംഗാളെ 7, ജമ്മുകാശ്മീരിലെയും ലഡാക്കിലെയും ഓരോ മണ്ഡലങ്ങളുമാണ് നാളെ പോളിംഗ് ബൂത്തിലെത്തുക. വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

&&&&&&&&&&&&&&&&

**HEAD LINE – 2**

**CAMPAIGNING (INTRO)**

ലോക്സഭ തിരഞ്ഞെടുപ്പിൻറെ 6, 7 ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. മുതിർന്ന നേതാക്കളുടെ നേതൃത്വത്തിൽ പൊതുറാലികളും റോഡ് ഷോയുമായി മുന്നണികൾ പ്രചാരണ രംഗത്ത് സജീവമാണ്. വിശദാംശങ്ങളിലേക്ക്.... (വോയ്സ്)

**CAMPAIGNING (VOICE)**

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് പശ്ചിമബംഗാളിലെ പൊതുറാലികളെ അഭിസംബോധന ചെയ്യും. പുരുലിയ, ബിഷ്ണുപൂർ, ഖരഗ്പൂർ എന്നിവിടങ്ങളിലെ എൻ.ഡി.എ പ്രചാരണ യോഗങ്ങളിലാണ് പ്രധാനമന്ത്രി പങ്കെടുക്കുക. ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷാ ഇന്ന് ഉത്തർപ്രദേശിലെ പ്രയാഗ് രാജ്, ജൗൻപൂർ ജില്ലകളിലെ പ്രചാരണ യോഗങ്ങളിൽ പങ്കെടുക്കും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും സമാജ് വാദി പാർട്ടി നേതാവ് അഖിലേഷ് യാദവും ഇന്ന് പ്രയാഗ് രാജ്, ഫൂൽപൂർ എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പു റാലികളെ

അഭിസംബോധന ചെയ്യും. ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ആറാം ഘട്ടത്തിൽ എട്ടു സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണപ്രദേശങ്ങളിൽ നിന്നുമായി ആകെ 889 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. ജമ്മുകാശ്മീരിലെ അനന്ത്നാഗ്-രജൗരി മണ്ഡലത്തിലെ മാറ്റിവച്ച വോട്ടെടുപ്പും ഇതോടൊപ്പം നടക്കും. ഈ മാസം 25 നാണ് ആറാം ഘട്ട വോട്ടെടുപ്പ്. ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് ജൂൺ ഒന്നിന് നടക്കും. ജൂൺ നാലിനാണ് ലോക്സഭാ തെരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ.

**ന്യൂസ് ഡെസ്ക് ആകാശവാണി.......**

&&&&&&&&&&&&&&&&

**HEAD LINE – 3**

**RAIN KERALA**

കേരളത്തിൽ ശക്തമായ മഴ. തെക്കൻ തമിഴ്നാട് തീരത്ത് ചക്രവാതചുഴി നിലനിൽക്കുന്നതിനാൽ ചൊവ്വാഴ്ച വരെ അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്നും നാളെയും പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ചുവപ്പ് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. ഇന്നലെ മുതൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ശക്തമായ മഴയാണ് ലഭിക്കുന്നത്. പത്തനംതിട്ട, തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തുടങ്ങിയ ജില്ലകളിൽ പുലർച്ചെവരെ വ്യാപകമായ മഴ ലഭിച്ചു. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ക്വാറി, മൈനിംഗ് പ്രവർത്തനങ്ങൾ നിരോധിച്ചിട്ടുണ്ട്. കൺട്രോൾ റൂമുകളും ആരംഭിച്ചു. മലയോര മേഖലയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ എന്നിവയ്ക്ക് സാധ്യതയുള്ളതിനാൽ ഈ പ്രദേശങ്ങളിലുള്ളവർ സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണം. മലയോര മേഖലകളിൽ രാത്രികാല യാത്രയ്ക്കും വിനോദസഞ്ചാര പ്രവർത്തനങ്ങൾക്കും നിയന്ത്രണമുണ്ട്. ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്ന തിനാൽ ഇനിയൊരു

അറിയിപ്പ് ഉണ്ടാകുന്നത് വരെ കേരള തീരത്ത് നിന്ന് കടലിൽ പോകാൻ പാടില്ല.

&&&&&&&&&&&&&&&&

**PATHANAMTHITTA (INTRO)**

ചുവന്ന ജാഗ്രതാ നിർദ്ദേശമുള്ള പത്തനംതിട്ട ജില്ലയിൽ മഴ തുടരുന്നു. മലയോര മേഖലയിൽ മഴ കനക്കുമെന്നാണ് സൂചന. ജില്ലയിൽ 44 ഇടങ്ങളിൽ പ്രകൃതി ദുരന്തസാധ്യത മുൻനിർത്തി പ്രദേശവാസികളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റും. എന്നാൽ പ്രതികൂല കാലാവസ്ഥയിലും ശബരിമലയിൽ നല്ല തിരക്കാണ് അനുഭവപ്പെടുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി എസ്. ശ്രീധർ...... (വോയ്സ്)

&&&&&&&&&&&&&&&&

**IDUKKI – MALANKARA, ARUVIKKARA DAM**

കനത്ത മഴയിൽ ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് ഇടുക്കി മലങ്കര ഡാമിൻ്റെ രണ്ട് ഷട്ടറുകൾ തുറന്നു. ഷട്ടറുകൾ തുറന്ന പശ്ചാത്തലത്തിൽ തൊടുപുഴ, മൂവാറ്റുപുഴ ആറുകളുടെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി. തിരുവനന്തപുരം അരുവിക്കര ഡാമിൻറെ രണ്ടു ഷട്ടറുകളും ഉയർത്തിയതിനാൽ സമീപവാസികൾ ജാഗ്രത പാലിയ്ക്കണം.

&&&&&&&&&&&&&&&&

**TAMILNADU – RAIN**

തമിഴ്നാട്ടിൽ വിവിധയിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തേനി, തിരുനൽവേലി, തെങ്കാശി എന്നിവിടങ്ങളിൽ ഇന്ന് ചുവപ്പു ജാഗ്രത നൽകിയിട്ടുണ്ട്. നീലഗിരി, കോയമ്പത്തൂർ, തിരുപ്പൂർ, ഡിണ്ടിഗൽ, വിരുദനഗർ, കന്യാകുമാരി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്.

ഊട്ടിയടക്കമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്ര തിങ്കളാഴ്ച വരെ വിലക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## HEPATITIS

ഹെപ്പറ്റൈറ്റിസ് എ വൈറസ് കരളിനെ ബാധിക്കുകയും കരൾ വീക്കത്തിന് കാരണമാവുകയും ചെയ്യുന്നതിനാൽ ഏറെ ശ്രദ്ധ പുലർത്തണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. മലിനമായ ജലസ്രോതസുകളിലൂടെയും, മലിന ജലം ഉപയോഗിച്ച് നിർമ്മിക്കുന്ന ഭക്ഷണ പാനീയങ്ങളിലൂടെയും രോഗം ബാധിച്ചവരുമായി അടുത്ത സമ്പർക്കം പുലർത്തുന്നതിലൂടെയുമാണ് ഹെപ്പറ്റൈറ്റിസ് എ പകരുന്നത്. ഇക്കാര്യങ്ങളിൽ വളരെ ശ്രദ്ധിക്കണമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&

## HEAD LINE – 4

## FSSAI - FRUIT TRADERS

പഴങ്ങൾ കൃത്രിമമായി പാകപ്പെടുത്തുന്നതിന് കാത്സ്യം കാർബൈഡ് ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള നിയമം കർശനമായി പാലിക്കണമെന്ന് ഭക്ഷ്യ-സുരക്ഷാ സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ. ഇതു സംബന്ധിച്ച് പഴ വ്യാപാരികൾ, ഭക്ഷ്യ സംസ്കരണ മേഖലയിലുള്ളവർ തുടങ്ങിയവർക്ക് F.S.S.A.I മുന്നറിയിപ്പ് നൽകി. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കും. മാമ്പഴം പോലുള്ള പഴങ്ങൾ പാകമാകാൻ അനധികൃതമായി ഉപയോഗിക്കുന്ന കാത്സ്യം കാർബൈഡ് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാകും. 2011-ലെ ഭക്ഷ്യ-സുരക്ഷാ നിയന്ത്രണ നിയമപ്രകാരം കാത്സ്യം കാർബൈഡ് ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## HEATWAVE - UP -GUJ-RAJASTHAN

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ കടുത്ത ഉഷ്ണതരംഗം തുടരുന്നു. രാജസ്ഥാൻ, ഉത്തർപ്രദേശ്, ഗുജറാത്ത് എന്നിവിടങ്ങളിലെ ചില പ്രദേശങ്ങളിൽ ഉയർന്ന താപനില- 45 ഡിഗ്രി സെൽഷ്യസിന് മുകളിൽ രേഖപ്പെടുത്തിയതായി കേന്ദ്ര കാലാവസ്ഥവകുപ്പ് അറിയിച്ചു. പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഡൽഹി എന്നിവിടങ്ങളിലെ പല പ്രദേശങ്ങളിലും

ഉഷ്ണതരംഗം രൂക്ഷമാണ്. കടുത്ത ചൂട് തുടരുന്ന പശ്ചാത്തലത്തിൽ പടിഞ്ഞാറൻ രാജസ്ഥാനിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കിഴക്കൻ രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, ഡൽഹി, ഉത്തർപ്രദേശ്, ബിഹാർ, ഗുജറാത്ത് എന്നിവിടങ്ങളിൽ ഓറഞ്ച് ജാഗ്രതയും മധ്യപ്രദേശ്, ജാർഖണ്ഡ്, ഒഡീഷ എന്നിവിടങ്ങളിൽ മഞ്ഞ ജാഗ്രതയുമാണ്.

&&&&&&&&&&&&&&&&

## SC- ADDITIONAL JUDGES

ഗുവാഹത്തി ഹൈക്കോടതിയിലെ സ്ഥിരം ജഡ്ജിമാരായി ജസ്റ്റിസ് സുസ്മിത ഫുക്കൻ ഖൗണ്ടിനെയും ജസ്റ്റിസ് മിതാലി താക്കൂരിയയെയും നിയമിക്കുന്നതിനുള്ള നിർദ്ദേശം സുപ്രീം കോടതി കൊളീജിയം അംഗീകരിച്ചു. ജമ്മു & കശ്മീർ, ലഡാക്ക് ഹൈക്കോടതികളിലെ അഡീഷണൽ ജഡ്ജി ജസ്റ്റിസ് രാജേഷ് സെഖ്രിയെ ഈ വർഷം ജൂലൈ 29 മുതൽ ഒരു വർഷത്തേക്ക് പുതിയതായി നിയമിക്കുന്നതിനുള്ള നിർദ്ദേശവും സുപ്രീം കോടതി കൊളീജിയം അംഗീകരിച്ചു. ചീഫ് ജസ്റ്റിസ് ഡി. വൈ ചന്ദ്രചൂഡ്, ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസ് ബി.ആർ. ഗവായ് എന്നിവരടങ്ങുന്ന സുപ്രീം കോടതി കൊളീജിയമാണ് ശുപാർശ ചെയ്തത്.

&&&&&&&&&&&&&&&&

## HEAD LINE – 5

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിങ്സിനെ 27 റൺസിന് പരാജയപ്പെടുത്തി റോയൽ ചലഞ്ചേഴ്സ് ബംഗളൂരു പ്ലേ ഓഫിൽ കടന്നു. ഇന്നലെ ബംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിലായിരുന്നു മത്സരം. ആദ്യം ബാറ്റ് ചെയ്ത ബംഗളൂരു അഞ്ചു വിക്കറ്റ് നഷ്ടത്തിൽ 218 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ചെന്നൈക്ക് ഏഴ് വിക്കറ്റ് നഷ്ടത്തിൽ 191 റൺസ് എടുക്കാനേ സാധിച്ചുള്ളൂ. പ്ലേ ഓഫ് ഉറപ്പിക്കാൻ ബംഗളൂരുവിന് 18 റൺസ് വിജയമായിരുന്നു വേണ്ടിയിരുന്നത്. ഇതോടെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, രാജസ്ഥാൻ റോയൽസ്,

സൺറൈസേഴ്സ് ഹൈദരാബാദ് ഉൾപ്പെട്ട പ്ലേഓഫിലാണ് ബംഗളൂരു ഇടം നേടിയത്. ഈ മാസം 21 മുതലാണ് പ്ലേ ഓഫ് മത്സരം.

&&&&&&&&&&&&&&&&

## Thailand open

തായ്‌ലൻഡ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെൻറ് പുരുഷ ഡബിൾസ് ഫൈനൽ മത്സരം ഇന്ന്. കലാശപ്പോരിൽ ഇന്ത്യയുടെ സാത്വിക് സായിരാജ് - ചിരാഗ് ഷെട്ടി സഖ്യം തായ്വാൻ-ചൈനീസ് സഖ്യത്തെ നേരിടും. ഇന്നലെ നടന്ന വനിതാ ഡബിൾസ് സെമിയിൽ ഇന്ത്യയുടെ അശ്വിനി പൊന്നപ്പ- തനിഷ ക്രാസ്റ്റോ സഖ്യം തായ് ലൻഡിന്റെ ജോങ്കോൾഫാൻ-രവിന്ദ പ്രജോങ്ജായി സഖ്യത്തോട് പരായപ്പെട്ടു.

&&&&&&&&&&&&&&&&

## ATHLETICS-LISBON

പോർച്ചുഗലിലെ ലിസ്ബണിൽ നടക്കുന്ന മീറ്റിംഗ് സിഡാഡ് ഡി ലിസ്ബോവ അത്ലറ്റിക്സിൽ പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ ഇന്ത്യയുടെ വിക്രാന്ത് മാലികിന് ജയം. 80.30 മീറ്റർ എറിഞ്ഞാണ് വിക്രാന്ത് മാലിക് തന്റെ മൂന്നാം ശ്രമത്തിൽ കിരീടം നേടിയത്. 2022-ൽ ഭുവനേശ്വറിൽ നേടിയ 81.82 മീറ്ററാണ് മാലിക്കിന്റെ വ്യക്തിഗത മികച്ച നേട്ടം. അതേസമയം, പുരുഷന്മാരുടെ ഹാമർ ത്രോയിൽ ദംനീത് സിംഗ് മൂന്നാമതെത്തി.

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&&